860

**GOVERNMENT OF KERALA**

Abstract

Forest & Wild Life Department- Forest raw materials like Bamboo, Reed , Eucalyptus and Acasia to Hindustan News Print Ltd(HNL)@ Rs. 1000/1MT for the year 2016-2017 as provided in the year 2015-16 -Sanctioned -Orders issued.

---

## FOREST & WILD LIFE (B) DEPARTMENT

G.O.(MS)No.2/2017/F&WLD Dated Thiruvananthapuram, 10/01/2017.

Read: 1)G.O.(MS)No. 71/2015/F&WLD dated 22/9/2015.
2)G.O.(MS)No. 18/2016/F&WLD dated 31/03/2016.
3)Letter No. HNL/MD/20/50B dated 8/2/2016 from the Managing Director, Hindustan News Print Ltd.
4)Letter No. 35/B2/16 F&WLD dated 25/07/2016.
5)Letter No. HNL/MD/20/50B dated 30/07/2016 from the Managing Director, Hindustan News Print Ltd.

## ORDER

As per Government Order read as 1st paper above the selling price of forest raw materials alloted to Hindustan News Print Ltd was refixed @ Rs. 1000/1MT for the financial year 2015-16 as a special case in relaxation to the price fixed as per Kerala Forest Produce (Fixation of selling price)Act 1978.

2) The selling price of the Forest produce is fixed as per Kerala Forest Produce(Fixation of selling price) Act 1978 for the year 2016-17 vide Government order read as 2nd paper above. As per letter read as 3rd paper above the Managing Director, Hindustan News Print Ltd. requested to allot forest raw materials like Bamboo, Reed, Eucalyptus and Acasia @ Rs. 1000/1MT for the year 2016-17 as provided in the year 2015-16. The request of Hindustan News Print Ltd. was rejected as per letter read as 4th paper above due to hike in the cost of production, price of products fixed as per Kerala Forest Produces (Fixation & Selling Prices) Act 1978, Judgment of Hon'ble Supreme court and the allotment will cause huge financial liability to Government.

3) As per the letter read as 5th paper above the Managing Director, Hindustan News Print Ltd. had again submitted request before Government to re-examine their request to retain the price relaxation allowed during the year 2015-16 to the year 2016-17 also considering the facts that the company is passing through the phase of financial crisis due to various reasons beyond control and about 10,000 of families depend directly and indirectly on the company.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-01-2017

ഫയൽ നം.146/ബി2/2016/വനം ഇനം നം: 604

വിഷയം : വനം വന്യജീവി വകുപ്പ് - 2016-17 വർഷത്തേക്ക് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് വനാധിഷ്ഠിത അസംസ്കൃത വസ്തുക്കളായ മുള, ഈറ്റ, യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നിവ 2015-16 വർഷത്തിൽ അനുവദിച്ച 1 MT-ന് 1,000/- രൂപ എന്ന നിരക്കിൽ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം 1) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

7/1/2017

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 146/ബി2/16/വനം |
| 2. | വകുപ്പ് | വനം വന്യജീവി (ബി) വകുപ്പ് |
| 3. | വിഷയം | 2016-17 വർഷത്തേക്ക് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് വനാധിഷ്ഠിത അസംസ്കൃത വസ്തുക്കളായ മുള, ഈറ്റ, യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നിവ 2015-16 വർഷത്തിൽ അനുവദിച്ച 1 MT -ന് 1,000/- രൂപ എന്ന നിരക്കിൽ അനുവദിക്കുന്നത്--സംബ |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15/12/16 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി. ജി. ഗിരിജകുമാരി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ .പി. മാരപാണ്ഡ്യൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21-12-2016 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. എസ്.എം. വിജയാനന്ദ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23/12/16 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ. കെ. രാജു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28/12/16 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 31/12/2016 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 4/1/2017 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും. | ജി.ഒ (കൈ.എഴു).നം. 2/2017/വനം തീയതി, 10/1/2017 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് വനാധിഷ്ഠിത അസംസ്കൃത വസ്തുക്കളായ മുള, ഈറ്റ, യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നിവ, 2015-2016 വർഷത്തിൽ അനുവദിച്ച 1 MT-ന് 1,000/- രൂപ എന്ന നിരക്കിൽ 2016-2017 വർഷത്തേക്കും അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് (ഫിക്സേഷൻ ഓഫ് സെല്ലിംഗ് പ്രൈസ്) ആക്ട് 1978 പ്രകാരം 2015-16 വർഷത്തേക്ക്, അസംസ്കൃത വസ്തുക്കൾക്ക് നിശ്ചയിച്ചിട്ടുള്ള വിലയിൽ ഇളവ് വരുത്തി 22.09.2015-ലെ ജി.ഒ(എം.എസ്) 71/15/വനം. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുവദിക്കുന്ന അസംസ്കൃത വസ്തുക്കളായ മുള ഈറ്റ, യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നിവയുടെ വില ഒരു പ്രത്യേക കേസായി പരിഗണിച്ച് 1 MT-ന് 1,000/-രൂപയാക്കി പുനർ നിശ്ചയിച്ചിരുന്നു. 2016-2017 വർഷത്തേക്കും വനാധിഷ്ഠിത അസംസ്കൃത വസ്തുക്കളായ മുള, ഈറ്റ, യൂക്കാലിപ്റ്റസ് എന്നിവ 1 MT-ന് 1,000/-രൂപ എന്ന നിരക്കിൽ അനുവദിക്കണമെന്ന് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3)കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് (ഫിക്സേഷൻ ഓഫ് സെല്ലിംഗ് പ്രൈസ്) ആക്ട് 1978 പ്രകാരം നിശ്ചയിച്ചിട്ടുള്ള വിലയിൽ ഇളവ് വരുത്തിയാണ് 2015-16 വർഷത്തേക്ക്, അസംസ്കൃത വസ്തുക്കളായ മുള, ഈറ്റ, യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നിവ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുവദിച്ചിരുന്നത്. അക്കേഷ്യ ഓറിക്കുലിഫോമിസ്, മാഞ്ചിയം എന്നിവയുടെ വില പ്രത്യേകമായി സർക്കാർ ആണ് നിശ്ചയിക്കുന്നത്.

4)ഉൽപ്പാദന ചെലവുകളിലുണ്ടാകുന്ന വർദ്ധനവ്, കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് (ഫിക്സേഷൻ ഓഫ് സെല്ലിംഗ് പ്രൈസ്) ആക്ട് 1978 പ്രകാരം ഈടാക്കുന്ന വില, സുപ്രീംകോടതി വിധി എന്നിവയുടെ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ആവശ്യം അംഗീകരിക്കാവാൻ സാധിക്കുകയില്ല. കൂടാതെ സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുമെന്നതിനാലും സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിലും വനവിഭവങ്ങൾക്ക് 2016-17 വർഷത്തേക്ക് 31.03.2016-ലെ സർക്കാർ ഉത്തരവ്(എം.എസ്) 18/2016/വനം നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ച വിലയിൽ ഇളവ് നൽകുന്നതിന്

സാധിക്കില്ലെന്നും 1978-ലെ കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് (ഫിക്സേഷൻ ഓഫ് സെല്ലിംഗ് പ്രൈസ്) ആക്ട് പ്രകാരം വിലയിൽ ഇളവ് അനുവദനീയമല്ല എന്നതിന്റെയും അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അഭിപ്രായത്തോട് പൂർണ്ണമായും യോജിച്ചുകൊണ്ട് 2016-17 വർഷത്തേയ്ക്ക് നിശ്ചയിച്ച പ്രകാരമുള്ള വില ഈടാക്കിയാൽ മതിയെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

5) ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അസംസ്കൃത വന വിഭവങ്ങൾ 2015-16 -ൽ നിശ്ചയിച്ച നിരക്കിൽ ലഭ്യമാക്കണമെന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ആവശ്യം നിരസിക്കുകയുണ്ടായി. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് നിലവിൽ പല കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധിയിലാണ് പ്രവർത്തിക്കുന്നതെന്നും ആയതിനാൽ വിവിധയിനം വനവിഭവങ്ങൾക്ക് 2015-2016 വർഷത്തേയ്ക്ക് അനുവദിച്ച വിലയിളവ് 2016 – 17 വർഷത്തേക്കും കൂടി അതേ നിരക്കിൽ (1 MT-ന് 1,000/-രൂപയ്ക്ക്) നിലനിർത്തണമെന്നും ആവശ്യപ്പെട്ട് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ബഹു.മുഖ്യമന്ത്രിക്കും, ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിക്കും വീണ്ടും അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

6) കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് (ഫിക്സേഷൻ ഓഫ് സെല്ലിംഗ് പ്രൈസ്) ആക്ട് 1978 പ്രകാരം നിശ്ചയിച്ചിട്ടുള്ള വിലയിൽ ഇളവു വരുത്തിയാണ് 2015-16 വർഷത്തേക്ക്, അസംസ്കൃത വസ്തുക്കളായ മുള, ഈറ്റ, യൂക്കാലിപ്റ്റസ് എന്നിവ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുവദിച്ചിരുന്നത്. അക്കേഷ്യ ഓറിക്കുലിഫോമിസ്, മാഞ്ചിയം എന്നിവയുടെ വില പ്രത്യേകമായി സർക്കാർ ആണ് നിശ്ചയിക്കുന്നത്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് മുള, ഈറ്റ, യൂക്കാലിപ്റ്റസ് എന്നീ അസംസ്കൃത വസ്തുക്കൾക്ക് 2,040/-രൂപ, 3,000/-രൂപ, 3,100/- രൂപ എന്ന നിരക്കിലായിരുന്നപ്പോഴാണ് 2015-16 വർഷത്തേക്ക് 1 MT-ന് 1,000/-രൂപ നിരക്കിൽ മുള, ഈറ്റ, യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നിവ നൽകിയിരുന്നത്. പ്രസ്തുത അസംസ്കൃത വസ്തുക്കൾക്ക് 2016-17 വർഷത്തേക്ക് 1 MT - ന് 2,300/-രൂപ, 3,300/-രൂപ, 7,100/- രൂപ എന്ന് പുതുക്കി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് 1 MT-ന് 1,000/-രൂപ നിരക്കിൽ 2016-17 വർഷത്തേയ്ക്കും ഇവ അനുവദിക്കുകയാണെങ്കിൽ

സർക്കാരിന് ഭീമമായ നഷ്ടം ഉണ്ടാകുന്നതാണ്. കൂടാതെ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ആവശ്യം ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് വിധേയമായി അനുവദിക്കാമോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. വനം വകുപ്പ മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. ബഹു. മുഖ്യമന്ത്രി ബഹു. ധനകാര്യ വകുപ്പ് മന്ത്രി കാണുന്നതിലേയ്ക്കായി ഫയൽ അയച്ചപ്പോൾ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു

" 2016-17 വർഷത്തേയ്ക്ക് മേൽപ്പറഞ്ഞ അസംസ്കൃത വസ്തുക്കൾക്ക് 1 MT-ന് 2,300/- രൂപ, 3,300/- രൂപ, 7,100/- രൂപ എന്ന് പുതുക്കി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് 1 MT-ന് 1000/- രൂപ നിരക്കിൽ 2016-17 വർഷത്തേക്ക് അനുവദിക്കുന്നത് സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നതിനാൽ 2015-16 വർഷത്തെ നിരക്കിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന ധനകാര്യ വകുപ്പിന്റെ മുൻ അഭിപ്രായത്തിൽ ഉറച്ചു നിൽക്കുന്നതായി ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6) ധനകാര്യ വകുപ്പിന്റെ അഭിപ്രായം അംഗീകരിക്കാമോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. വനം വകുപ്പ് മന്ത്രി മുഖാന്തിരം ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചു.

7)വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

1)ധനകാര്യ വകുപ്പിന്റെ ഉപദേശം മറികടന്നുകൊണ്ട് വനാധിഷ്ഠിത അസംസ്കൃത വസ്തുക്കളായ മുള, ഈറ്റ, യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നിവ 2015-2016 വർഷത്തിൽ അനുവദിച്ചതു പോലെ 1 MT-ന് 1,000/-രൂപ എന്ന നിരക്കിൽ 2016-2017 വർഷത്തിലും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുവദിക്കാമോ ;

2)വനാധിഷ്ഠിത അസംസ്കൃത വസ്തുക്കളായ മുള, ഈറ്റ, യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നിവ 2016-2017 വർഷത്തിൽ നിലവിലുള്ള പുതുക്കിയ നിരക്കിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുവദിക്കാമോ;

**GOVERNMENT OF KERALA**
(Sri. Pinarayi Vijayan Ministry)
Note for the Council of Ministers

| | | |
|---|---|---|
| 1 | File No. | 146 /B2/2016/F&WLD. |
| 2 | Department | Forest & Wildlife (B) Department |
| 3 | Subject | To provide forest raw materials like Bamboo,Reed,Eucalyptus & Acasia @ Rs. 1000 /1MT to Hindustan News Print Ltd for the year 2016-17 as provided in the year 2015-16-reg |
| 4 | Date of Chief Minister's order for placing before the Council. | 15/12/16 |
| 5 | (i) Does the case involve financial commitments/implications<br>(ii)If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes<br><br>Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | No |
| 7 | Name of Deputy Secretary who submitted the Draft Note | Smt. G. Girija kumari |
| 8 | Name of Additional Chief Secretary who approved the Draft Note. | Sri. P.Mara Pandiyan |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | 21-12-2016 |
| 10 | Name of Chief Secretary who approved the Draft Note | Sri. S.M.Vijayanand |
| 11 | Date of approval of the Draft Note for the Council by the Chief Secretary. | 23/12/16 |
| 12 | Name of Minister who approved the Draft Note | Adv. K. Raju |
| 13 | Date of approval of the Draft Note for the Council by the Minister | 28/12/16 |
| 14 | Date of submission of fair copies | 31/12/2016 |
| 15 | Date of decision by the Council of Ministers | 4/1/2017 |
| 16 | Number and date of the G.O/letter communicating the decision. | G.O(MS) No. 2/2017/F&WLD dated 10/1/2017 |

## Note for the Council of Ministers

This note relates to provide forest raw materials like Bamboo, Reed and Eucalyptus and Acasia @ Rs. 1000/1MT to Hindustan News Print Ltd(HNL) for the year 2016-17 as provided in the year 2015-16.

2) As per G.O (MS) No. 71/15/FWLD dated 22/9/15, the selling price of forest raw materials granted to Hindustan News Print Ltd was refixed @ Rs.1000/1MT for the financial year 2015-16 as a special case. The Managing Director, Hindustan News Print Limited has requested to retain the price of forest raw materials @ Rs.1000/1MT for the year 2016-17 also.

3)Bamboo, Reed and Eucalyptus were provided to HNL during 2015-16 by relaxing the price fixed as per Kerala Forest Produces (Fixation & Selling Prices) Act 1978 . The price of Acasia has been fixed separately by Government.

4) The request of Hindustan News Print Ltd cannot be considered due to hike in the cost of production, price of products fixed as per Kerala Forest Produces (Fixation & Selling Prices) Act 1978 and Judgment of Hon'ble Supreme Court. Besides that due to the existing financial crisis, the price fixed as per G.O(MS) 18/16/FWLD dated 31.3.2016 based on Kerala Forest Produces(Fixation & Selling Prices) Act 1978 cannot be relaxed as it will cause huge financial liability to Government. Based on the above facts file was forwarded to the Finance Department for their remarks. That Department remarked as follows:

"വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അഭിപ്രായത്തോട് പൂർണ്ണമായും യോജിച്ചുകൊണ്ട് 2016-17 വർഷത്തേയ്ക്ക് നിശ്ചയിച്ച പ്രകാരമുള്ള വില ഈടാക്കിയാൽ മതിയെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

5) Based on the remarks of the Finance Department the request of the Hindustan News Print Ltd to provide the forest raw materials @ Rs. 1000/1MT

for the year 2016-17 as provided during the year 2015-16 was rejected. Hindustan News Print Ltd again submitted applications to the Hon'ble Chief Minister & Hon'ble Minister (Forest) to re-examine their request to retain the price relaxation allowed during the year 2015-16 to the year 2016-17 also, since the company is passing through the phase of financial crisis due to various reasons beyond control.

6) Bamboo, Reed and Eucalyptus were provided to HNL during 2015-16 by relaxing the price fixed as per Kerala Forest Produces (Fixation & Selling Prices) Act 1978 . The price of Acasia was fixed by Government. The forest raw materials like Bamboo, Reed, Eucalyptus and Acasia were provided to the Hindustan News Print Ltd @ 1000/1MT during 2015-16 when the price of Bamboo, Reed and Eucalyptus was fixed at the rate of Rs. 2040, Rs.3000 and Rs. 3100 respectively. As the price of the Bamboo, Reed and Eucalyptus was refixed @ Rs. 2,300, Rs. 3,300 and Rs. 7,100 per 1 MT respectively during 2016-17, it will cause huge loss of revenue to Government if the forest raw material will be provided @ Rs.1000/1MT. When the file was circulated to Hon'ble Chief Minister for orders whether price relaxation may be allowed to Hindustan News Print Ltd subject to the approval of the Council of Ministers considering the present financial scenario, Hon'ble Chief Minister forwarded the file to Hon'ble Minister for Finance for opinion. The Finance Department opined as follows:

" 2016-17 വർഷത്തേയ്ക്ക് മേൽപ്പറഞ്ഞ അസംസ്കൃത വസ്തുക്കൾക്ക് 1 MT-ന് 2,300/- രൂപ, 3,300/- രൂപ, 7,100/- രൂപ എന്ന് പുതുക്കി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് 1 MT-ന് 1000/- രൂപ നിരക്കിൽ 2016-17 വർഷത്തേക്ക് അനുവദിക്കുന്നത് സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നതിനാൽ 2015-16 വർഷത്തെ നിരക്കിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന

ധനകാര്യ വകുപ്പിന്റെ മുൻ അഭിപ്രായത്തിൽ ഉറച്ചു നിൽക്കുന്നതായി ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6) The file was again circulated to Hon'ble Chief Minister for orders whether the remarks offered by Finance Department may be accepted.

7) Hon'ble Chief Minister ordered to place the matter before the council of Ministers.

**Point for decision**

1)Whether the forest raw materials like Bamboo, Reed, Eucalyptus and Acasia may be allowed @ Rs. 1000/ 1MT to Hindustan News Print Ltd for the year 2016-17 also as provided during 2015-16 over ruling the advice of Finance Department;

2) whether the forest raw materials like Bamboo, Reed, Eucalyptus and Acasia may be allowed in the existing revised rates to Hindustan News Print Limited for the year 2016-2017.